പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 34

2026-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ)ബിൽ

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 34

2026-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ)ബിൽ

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 34

2026-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടും 2010 ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ടും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടും 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടും 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടും 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്ടും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടും (1986-ലെ 31) 2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ടും (2011-ലെ 5) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടും (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടും (2015-ലെ 17) 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടും (2021-ലെ 1) 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്ടും (2021-ലെ 10) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2026-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ആക്ട് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1986-ലെ 31-ാം ആക്ടിനുള്ള ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ (1986-ലെ 31), 11-ാം വകുപ്പിൽ,—

(എ) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) എഴുപത് വയസ്സ് പൂർത്തിയായ യാതൊരു വ്യക്തിക്കും വൈസ്-ചാൻസലറായി നിയമിക്കപ്പെടാനോ ആ പദവി വഹിക്കാനോ അർഹതയുണ്ടായിരിക്കുന്നതല്ല." ;

(ബി) (5)-ാം ഉപവകുപ്പിൽ " നാലുവർഷക്കാലം" എന്ന വാക്കിനു പകരം "അഞ്ചുവർഷക്കാലം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. 2011-ലെ 5-ാം ആക്ടിനുള്ള ഭേദഗതി.—2010-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ടിൽ (2011-ലെ 5), 33-ാം വകുപ്പ് (6)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) എഴുപത് വയസ്സ് പൂർത്തിയായ യാതൊരു വ്യക്തിക്കും വൈസ്-ചാൻസലറായി നിയമിക്കപ്പെടാനോ ആ പദവി വഹിക്കാനോ അർഹതയുണ്ടായിരിക്കുന്നതല്ലാത്തതും നിയമന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതുമാണ്. ഒരു പ്രാവശ്യം നിയമിക്കപ്പെട്ട വൈസ്-ചാൻസലർക്ക് പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.".

4. 2013-ലെ 24-ാം ആക്ടിനുള്ള ഭേദഗതി.—2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24), 29-ാം വകുപ്പ് (5)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയ്ക്ക് പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, എഴുപത് വയസ്സ് പൂർത്തിയായ യാതൊരു വ്യക്തിക്കും വൈസ്-ചാൻസലറായി നിയമിക്കപ്പെടാനോ ആ പദവി വഹിക്കാനോ അർഹതയുണ്ടായിരിക്കുന്നതല്ല.".

5. 2015-ലെ 17-ാം ആക്ടിനുള്ള ഭേദഗതി.—2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17), 13-ാം വകുപ്പ് (5)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) എഴുപത് വയസ്സ് പൂർത്തിയായ യാതൊരു വ്യക്തിക്കും വൈസ്-ചാൻസലറായി നിയമിക്കപ്പെടാനോ ആ പദവി വഹിക്കാനോ അർഹത യുണ്ടായിരിക്കുന്നതല്ലാത്തതും നിയമന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി

അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതുമാണ്.".

6. 2021-ലെ 1-ാം ആക്ടിനുള്ള ഭേദഗതി.—2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിൽ (2021-ലെ 1), 11-ാം വകുപ്പിൽ,—

(എ) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) വൈസ്-ചാൻസലർ യൂണിവേഴ്സിറ്റിയുടെ പ്രധാന അക്കാദമിക ഓഫീസർ ആയിരിക്കുന്നതും, എഴുപത് വയസ്സ് പൂർത്തിയായ യാതൊരു വ്യക്തിക്കും വൈസ്-ചാൻസലറായി നിയമിക്കപ്പെടാനോ ആ പദവി വഹിക്കാനോ അർഹത യുണ്ടായിരിക്കുന്നതുമല്ല.";

(ബി) (5)-ാം ഉപവകുപ്പിൽ "നാലുവർഷക്കാലം" എന്ന വാക്കിനു പകരം "അഞ്ചുവർഷക്കാലം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

7. 2021-ലെ 10-ാം ആക്ടിനുള്ള ഭേദഗതി.—2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്ടിൽ (2021-ലെ 10), 11-ാം വകുപ്പ് (6)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) എഴുപത് വയസ്സ് പൂർത്തിയായ യാതൊരു വ്യക്തിക്കും വൈസ്-ചാൻസലറായി നിയമിക്കപ്പെടാനോ ആ പദവി വഹിക്കാനോ അർഹതയുണ്ടായിരി ക്കുന്നതല്ലാത്തതും നിയമന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതുമാണ്.".

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ പൊതു സർവ്വകലാശാലകളിലെ വൈസ്-ചാൻസലർമാരുടെ നിയമനത്തിനായുള്ള സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലേക്കുള്ള സർവ്വകലാശാലാ പ്രതിനിധികളെ അതത് സർവ്വകലാശാലയുടെ സിൻഡിക്കേറ്റ്, എക്സിക്യൂട്ടീവ് കമ്മിറ്റി, കാര്യനിർവഹണ വിഭാഗത്തിൽ നിന്നോ മാത്രം നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിനും വൈസ്-ചാൻസലർമാരുടെ ഔദ്യോഗിക കാലാവധിയിലും ഏകീകരണം വരുത്തുന്നതിനും, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റഗുലേഷനുകൾക്കനുസൃതമായി വൈസ്-ചാൻസലർമാർക്ക് എഴുപത് വയസ്സുവരെ പദവിയിൽ തുടരുന്നത് സാധ്യമാക്കുന്നതിനുമായി, 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ട് (1986-ലെ 31), 2010-ലെ കേരള ഫിഷറീസിനും

സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ട് (2011-ലെ 5), 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട് (2013-ലെ 24), 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ട് (2015-ലെ 17), 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് (2021-ലെ 1), 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്ട് (2021-ലെ 10) എന്നീ ആക്ടുകളിൽ ഭേദഗതി വരുത്തി അനുയോജ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചു.

2. മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

റോജി എം. ജോൺ

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1986-ലെ 31)

** ** ** **

11. വൈസ്-ചാൻസലർ.—(1) ചാൻസലർ നിയമിക്കുന്ന മൂന്നംഗങ്ങൾ അടങ്ങിയ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, സിൻഡിക്കേറ്റ് തിരഞ്ഞെടുക്കുന്ന ഒരാൾ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ – ഒരു കമ്മിറ്റിയുടെ ഏകകണ്ഠമായ ശുപാർശയിന്മേൽ ചാൻസലർ വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്. കമ്മിറ്റിയെ നിയമിച്ച തീയതി മുതൽ മൂന്നു മാസത്തിനകം അതിന്റെ ശുപാർശ സമർപ്പിക്കേണ്ടതാണ്.

** ** ** **

(4) അറുപത് വയസ്സ് കഴിഞ്ഞ ആരും തന്നെ വൈസ്-ചാൻസലറായി നിയമിക്കപ്പെടുന്നതിന് യോഗ്യരായിരിക്കുന്നതല്ല.

(5) വൈസ്-ചാൻസലർ, താൻ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാലുവർഷക്കാലം ഉദ്യോഗം വഹിക്കുന്നതും പുനർനിയമനത്തിന് അർഹനല്ലാതിരിക്കുന്നതുമാണ്.

** ** ** **

2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ടിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(2011-ലെ 5)

** ** ** **

33. വൈസ്-ചാൻസലർ.—(1) വൈസ്-ചാൻസലർ സർവ്വകലാശാലയുടെ മുഴുവൻ സമയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതാണ്.

(2) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ഡയറക്ടർ ജനറൽ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി എന്നിവർ അടങ്ങിയ സെലക്ഷൻ കമ്മിറ്റി തയ്യാറാക്കുന്ന മൂന്ന് പേരുടെ പാനലിൽ നിന്നും വൈസ്-ചാൻസലറെ, ചാൻസലർ നിയമിക്കേണ്ടതാണ്:

എന്നാൽ സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ആൾ ആ കൗൺസിലിലെ അംഗങ്ങളിൽ നിന്നുള്ള ഒരാളോ സർവ്വകലാശാലയിലെ ജീവനക്കാരനോ ആകാൻ പാടില്ലാത്തതാകുന്നു:

എന്നുമാത്രമല്ല വ്യവസ്ഥ ചെയ്ത പ്രകാരം ഐകകണ്ഠ്യേന ഒരു ശിപാർശ ചെയ്യുവാൻ സെലക്ഷൻ കമ്മിറ്റി പരാജയപ്പെടുന്ന പക്ഷം, കമ്മിറ്റിയിലെ ഓരോ അംഗത്തിനും ഒരാളുടെ പേരു വീതം ചാൻസലർക്ക് സമർപ്പിക്കാവുന്നതും, കമ്മിറ്റിയിലെ ഏതെങ്കിലും ഒരംഗം പേര് സമർപ്പിക്കാതിരിക്കുന്നത് വൈസ് ചാൻസലറുടെ നിയമനം അസാധുവാക്കുന്നതല്ലാത്തതുമാകുന്നു. സെലക്ഷൻ കമ്മിറ്റി നൽകുന്നത് ഐകകണ്ഠ്യേനയുള്ള ഉപദേശമല്ലായെങ്കിൽ ചാൻസലർക്ക് അതിന്റെ ഭൂരിപക്ഷം അംഗങ്ങളുടെ അഭിപ്രായം സ്വീകരിക്കാവുന്നതാണ്. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധി സെലക്ഷൻ കമ്മിറ്റിയുടെ ചെയർപേഴ്സൺ ആയിരിക്കുന്നതുമാണ്.

** ** ** **

അറുപത്തിയൊന്ന് വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും വൈസ് ചാൻസലറായി നിയമിക്കാൻ പാടില്ലാത്തതും നിയമനത്തിനുശേഷം അദ്ദേഹത്തിന്റെ നിയമന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്ക് മാത്രം ഉദ്യോഗം വഹിക്കേണ്ടതുമാണ്. ഒരു പ്രാവശ്യം നിയമിക്കപ്പെട്ട വൈസ്-ചാൻസലർക്ക് പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

** ** ** **

2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(2013-ലെ 24)

** ** ** **

29. വൈസ്-ചാൻസലർ.—(1) വൈസ്-ചാൻസലർ സർവ്വകലാശാലയുടെ മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതാണ്.

(2) ചാൻസലറുടെ ഒരു നോമിനി, സർക്കാരിന്റെ ഒരു പ്രതിനിധി, യു. ജി. സി.-യുടെ ഒരു പ്രതിനിധി എന്നിവർ ഉൾക്കൊള്ളുന്ന ഒരു തിരഞ്ഞെടുപ്പ് സമിതിയുടെ ഉപദേശത്തിന്മേൽ ചാൻസലർ വൈസ്-ചാൻസലറെ നിയമിക്കേണ്ടതും ചാൻസലറുടെ നോമിനി തിരഞ്ഞെടുപ്പ് സമിതിയുടെ ചെയർമാൻ ആയിരിക്കുന്നതുമാണ്:

എന്നാൽ തിരഞ്ഞെടുപ്പ് സമിതി നൽകുന്ന ഉപദേശം ഏകകണ്ഠമല്ലായെങ്കിൽ ചാൻസലർക്ക് അതിന്റെ ഭൂരിപക്ഷം അംഗങ്ങളുടെ അഭിപ്രായം സ്വീകരിക്കാവുന്നതാണ്.

** ** ** **

(5) വൈസ്-ചാൻസലർ അഞ്ച് വർഷക്കാലത്തേക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതും ഒരു തവണകൂടി പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്:

എന്നാൽ, ഈ വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന വൈസ്-ചാൻസലർ അദ്ദേഹത്തിന് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ഔദ്യോഗികസ്ഥാനം ഒഴിയേണ്ടതാണ്.

** ** ** **

2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(2015-ലെ 17)

** ** ** **

13. വൈസ്-ചാൻസലർ.—(1) വൈസ്-ചാൻസലർ സർവ്വകലാശാലയുടെ പ്രധാന എക്സിക്യൂട്ടീവും അക്കാദമിക ആഫീസറും ആയിരിക്കുന്നതാണ്. അദ്ദേഹം സിൻഡിക്കേറ്റിന്റെയും അക്കാദമിക കൗൺസിലിന്റെയും എക്സ്-ഒഫിഷ്യോ ചെയർമാൻ ആയിരിക്കുന്നതാണ്.

(2) പ്രഥമ വൈസ്-ചാൻസലറെ സർക്കാരിന്റെ ശിപാർശയിൻമേൽ ചാൻസലർ നിയമിക്കേണ്ടതും അതിനുശേഷം വൈസ്-ചാൻസലറെ താഴെ പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു അന്വേഷണ സമിതി ശിപാർശ ചെയ്യുന്ന പാനലിലെ പേരുകളിൽനിന്നും ചാൻസലർ നിയമിക്കേണ്ടതുമാണ്, അതായത്:—

(i) ബോർഡ് ഓഫ് ഗവർണേഴ്സ് തെരഞ്ഞടുത്ത ഒരംഗം;

(ii) എ.ഐ.സി.റ്റി.ഇ. നാമനിർദ്ദേശം ചെയ്ത ഒരംഗം;

(iii) സംസ്ഥാന ചീഫ് സെക്രട്ടറി, അദ്ദേഹം സമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്.

** ** ** **

(5) അറുപത്തിയൊന്നു വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും വൈസ്-ചാൻസലറായി നിയമിക്കാൻ പാടില്ലാത്തതും നിയമനത്തിനുശേഷം അദ്ദേഹത്തിന്റെ നിയമന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാലു വർഷക്കാലയളവിലേയ്ക്കോ അല്ലെങ്കിൽ അദ്ദേഹത്തിനു അറുപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ, ഉദ്യോഗം വഹിക്കേണ്ടതുമാണ്.

** ** ** **

2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(2021-ലെ 1)

** ** ** **

11. വൈസ്-ചാൻസലർ.—(1) വൈസ്-ചാൻസലർ യൂണിവേഴ്സിറ്റിയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതാണ്.

(2) പ്രഥമ വൈസ്-ചാൻസലറെ സർക്കാരിന്റെ ശിപാർശയിന്മേൽ ചാൻസലർ നിയമിക്കേണ്ടതും അതിനുശേഷം വൈസ്-ചാൻസലറെ താഴെ പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു അന്വേഷണ സമിതി ഐകകണ്ഠ്യേന ശിപാർശ ചെയ്യുന്നതോ അല്ലെങ്കിൽ ഭൂരിപക്ഷ അംഗങ്ങൾ ശിപാർശ ചെയ്യുന്നതോ ആയ ഒരാളെ വൈസ്-ചാൻസലറായി ചാൻസലർ നിയമിക്കേണ്ടതുമാണ്, അതായത്:—

(i) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ കൺവീനർ;

(ii) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ഒരു പ്രതിനിധി;

(iii) യൂണിവേഴ്സിറ്റിയുടെ അധികാരസ്ഥാനമോ ഉദ്യോഗസ്ഥനോ അദ്ധ്യാപകനോ ജീവനക്കാരനോ അല്ലാത്ത സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ:

എന്നാൽ, അന്വേഷണ സമിതിക്ക് ഒരാളെ ശിപാർശ ചെയ്യാൻ കഴിയാതെ വരുന്നിടത്ത് ഓരോ അംഗവും നൽകുന്ന ഒരാൾ വീതം അടങ്ങിയ പട്ടികയിലെ പേരുകളിൽ നിന്നും ഒരാളെ, വൈസ്-ചാൻസലർ ആയി ചാൻസലർ നിയമിക്കേണ്ടതാണ്.

** ** ** **

(4) വൈസ്-ചാൻസലർ യൂണിവേഴ്സിറ്റിയുടെ പ്രധാന അക്കാദമിക ഓഫീസർ ആയിരിക്കുന്നതും നിയമന സമയത്ത് അറുപത് വയസ്സ് പൂർത്തിയാക്കാൻ പാടില്ലാത്തതുമാണ്.

(5) വൈസ്-ചാൻസലർ, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാലുവർഷക്കാലം ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതും ഒരു തവണ കൂടി പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്.

** ** ** **

2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്ടിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(2021-ലെ 10)

** ** ** **

11. വൈസ്-ചാൻസലർ.—(1)

(3) ചാൻസലർ നിയമിക്കുന്നതും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതുമായ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ അദ്ദേഹം വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്, അതായത്:—

(എ) സംസ്ഥാന ചീഫ് സെക്രട്ടറി, അദ്ദേഹം കമ്മിറ്റിയുടെ കൺവീനറായിരിക്കുന്നതാണ്;

(ബി) ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വ്യവസായ രംഗത്തു നിന്നുള്ള ഒരു വിദഗ്ധ അംഗം;

(സി) ബോർഡ് ഓഫ് ഗവേർണേഴ്സ് സെലക്ട് ചെയ്യുന്ന പഠന ഗവേഷണ രംഗത്തു നിന്നുള്ള ഒരു വിദഗ്ധ അംഗം;

(ഡി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ; കൂടാതെ

(ഇ) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ.

** ** ** **

(6) അറുപത്തിയൊന്ന് വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും വൈസ്-ചാൻസലർ നിയമിക്കാൻ പാടില്ലാത്തതും നിയമനത്തിനുശേഷം അദ്ദേഹത്തിന്റെ നിയമന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അല്ലെങ്കിൽ അദ്ദേഹത്തിന് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ ഉദ്യോഗം വഹിക്കേണ്ടതുമാണ്.

** ** ** **